"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- ബേപ്പൂർ തുറമുഖത്തെ ACE (No.1) Pick & Carry Mobile crane-ന്റെ ബ്രേക്ക് തകരാർ പരിഹരിച്ച പ്രവൃത്തി സാധൂകരിച്ച് ഭരണാനുമതി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.76/2026/F&P    തീയതി,തിരുവനന്തപുരം, 29-01-2026

---

പരാമർശം:-    കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25/12/2025 ലെ HOKMB-TVM/1227/2025-D1 (Tech) നമ്പർ കത്ത്.

**ഉത്തരവ്**

ബേപ്പൂർ തുറമുഖത്തെ എയ്സ് മൊബൈൽ ക്രെയിൻ -1 ന്റെ ബ്രേക്ക് തകരാറിലായതായതിനെ തുടർന്ന് നടത്തിയ പരിശോധനയിൽ ക്രെയിനിന്റെ മുൻവശത്തെ വലത് ഭാഗത്തെ വീൽ ബ്രേക്ക് സിലിണ്ടർ, ബ്രേക്ക് അസംബ്ലി, ബിയറിങ്ങുകൾ, ഓയിൽ സീലുകൾ എന്നിവ തകരാറിലായത് കണ്ടെത്തിയതായി അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ, എം.ഇ.ഡബ്ല്യൂ ബേപ്പൂർ അറിയിച്ചതായും ക്രെയിനിന്റെ ഒറിജിനൽ എക്യുപ്മെന്റ് മാനുഫാക്ചേഴ്സ് ആയ എയ്സിന്റെ അംഗീകൃത ഡീലർമാരായ മെ. ടോറസ് എക്യുപ്മെന്റ്സ് എറണാകുളം എന്ന സ്ഥാപനത്തിന്റെ പ്രൊഫോർമ ഇൻവോയിസാണ് കോഴിക്കോട് തുറമുഖ ഓഫീസർ ലഭ്യമാക്കിയതെന്നും സി.ഇ.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം സ്പെയറുകൾ ക്രെഡിറ്റ് വ്യവസ്ഥയിൽ വിതരണം ചെയ്യാൻ തയ്യാറല്ലെന്നും ഷിപ്പിങ്ങ് സീസൺ നടന്നു കൊണ്ടിരിക്കുന്നതിനാൽ ക്രെയിൻ പ്രവർത്തന രഹിതമായി കിടക്കുന്നത് കോസ്റ്റൽ ഷിപ്പിംഗിനെ കാര്യമായി ബാധിക്കുമെന്ന് കോഴിക്കോട് തുറമുഖ ഓഫീസർ അറിയിച്ചതിനെ തുടർന്ന് അടിയന്തര സാഹചര്യം കണക്കിലെടുത്ത് മേൽ റിപ്പയർ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള തുകയായ 18,045/-രൂപ ബോർഡിന്റെ ജനറൽ ഫണ്ടിൽ നിന്നും അനുവദിച്ച് നൽകുകയുണ്ടായെന്നും ടി പ്രവൃത്തി സാധൂകരിച്ച് 18,045/-രൂപയുടെ ഭരണാനുമതി 5051-80-800- 98 Augmentation of Workshop and Stores Organisation 19 Machinery and Equipments എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേരള മാരിടൈം ബോർഡ് സി.ഇ.ഒ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബേപ്പൂർ തുറമുഖത്തെ ACE (No.1) Pick & Carry Mobile crane-ന്റെ ബ്രേക്ക് തകരാർ പരിഹരിച്ച പ്രവൃത്തി സാധൂകരിച്ച് 18,045/-രൂപയുടെ ഭരണാനുമതി 5051-80-800- 98 Augmentation of Workshop and Stores Organisation 19 Machinery and

Equipments എന്ന ശീർഷകത്തിൽ കോഴിക്കോട് തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിന്ദു വി കെ

അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ

പ്രസിദ്ധീകരിയ്ക്കുന്നതിനായി

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Shajish P

സെക്ഷൻ ഓഫീസർ Date: 20-01-2026 16:31:14